ഗ്ലോബൽ ഇന്ത്യൻ ബിസിനസ് എക്സലൻസ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ഹൂസ്റ്റൺ: രണ്ടാമത് ഗ്ലോബൽ ഇന്ത്യൻ ബിസിനസ് എക്സലൻസ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഷിബു സാമുവൽ (ബിസിനസ്മാൻ ഓഫ് ദി ഇയർ), വി. കെ. മാത്യൂസ് (ഗ്ലോബൽ ഇൻഫ്ളുവൻസർ ഓഫ് ദി ഇയർ), ഡോ. ടാന്യ ഉണ്ണി (ഇന്റർനാഷണൽ ഇന്നോവേറ്റീവ് എന്റർപ്രണർ ഓഫ് ദി ഇയർ), അനു ടി. ചെറിയാൻ (ഫിനാൻഷ്യൽ അഡ്വൈസർ ഓഫ് ദി ഇയർ), ഡോ. മനോദ് മോഹൻ (ബിസിനസ് ടെക്നോളജിസ്റ്റ് ഓഫ് ദി ഇയർ), അജി മാത്യു (എഡ്യൂപ്രണർ ഓഫ് ദി ഇയർ), സക്കറിയ ജോയ് (എൻവയോൺമെന്റലിസ്റ്റ് ഓഫ് ദി ഇയർ), സന്തോഷ് കുമാർ കെ. ആർ (അക്കാദമിക് അഡ്വൈസർ ഓഫ് ദി ഇയർ), ഷമീം റഫീഖ് (ബിസിനസ് കോച്ച് ആൻഡ് കോർപ്പറേറ്റ് ട്രെയിനർ ഓഫ് ദി ഇയർ), ഷാജി നായർ (ടെക്നോപ്രണർ ഓഫ് ദി ഇയർ), രൺദീപ് നമ്പ്യാർ (ഇന്റർനാഷണൽ സ്ട്രാറ്റജിക്ക് ലീഡർ ഓഫ് ദി ഇയർ)

ബിസിനസ്സിൽ അമേരിക്കൻ മലയാളികൾക്ക് മാതൃകയായി തീർന്ന ഡോ. ഷിബു സാമുവേലിന് ബിസിനസ് മാൻ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. ഹോം കെയർ ബിസിനസ്സ് രംഗത്ത് ഡാളസിലെ സജീവസാന്നിധ്യമാണ് ഡോ. ഷിബു സാമുവേൽ.

മാറുന്ന ലോകത്തിന് അതിശയിപ്പിക്കുന്ന കാഴ്ചപ്പാടുകൾ പകർന്നു നൽകിയ വി. കെ. മാത്യൂസിന് ഗ്ലോബൽ ഇൻഫ്ളുവൻസർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. ഐബിഎസ് ഗ്രൂപ്പ് ഓഫ് കമ്പനികളുടെ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമാണ് വി. കെ. മാത്യൂസ്.

ആത്മവിശ്വാസമാണ് യഥാർത്ഥ സൗന്ദര്യമെന്ന് ജീവിതം കൊണ്ട് കാട്ടിത്തന്ന ഡോ. ടാന്യാ ഉണ്ണിയ്ക്ക് ഇന്റർനാഷണൽ ഇന്നോവേറ്റീവ് എന്റർപ്രണർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. ചർമ്മരോഗ വിദഗ്ധയായ ഡോ ടാന്യാ ഓസ്ട്രേലിയ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

ചെറുപ്പത്തിന്റെ തിളക്കത്തിൽ മറ്റുള്ളവർക്ക് പ്രചോദനമായി തീർന്ന ജീവിതകഥ പറയാനുള്ള അനു ടി. ചെറിയാന് ഫിനാൻഷ്യൽ അഡ്വൈസർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. പുതുസംരംഭകർക്ക് മാതൃകയായി തീരുന്ന വ്യക്തിത്വത്തിന് ഉടമയാണ് അനു ടി. ചെറിയാൻ.

പുതിയ സംരംഭകർക്കും നിലവിലുള്ളവർക്കും ബിസിനസിന്റെ എ ടു ഇസഡ് നിർദേശങ്ങൾ നൽകുന്ന ഡോ. മനോദ് മോഹന് ബിസിനസ് ടെക്നോളജിസ്റ്റ് ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. സ്കൈ ഈസ് ലിമിറ്റ് ടെക്നോളജീസിന്റെ സ്ഥാപകനും സിഇഒയുമാണ്.

അജിനോറ ഗ്ലോബൽ വെഞ്ചേഴ്സിലൂടെ ആഗോളതലത്തിൽ തന്നെ ശ്രദ്ധേയനായ യുവ പരിശീലകൻ അജി മാത്യൂവിന് എഡ്യൂപ്രണർ പുരസ്കാരം സമ്മാനിക്കും. ഇൻഫ്ളൂവൻസർ, ആക്ടിവിസ്റ്റ്, എന്റർപ്രണർ എന്നീ നിലകളിൽ ശ്രദ്ധേയനാണ് ഇദ്ദേഹം.

പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന സക്കറിയ ജോയ്ക്ക് എൻവയോൺമെന്റലിസ്റ്റ് ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കുന്നു. ലോകത്താകമാനമുള്ള വിവിധ ഇടങ്ങളിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ശ്രദ്ധേയനാണ് ഇദ്ദേഹം.

വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരത്തിന്റെ ഉന്നമനത്തിനായി പോരാടുന്ന സന്തോഷ് കുമാർ കെ. ആറിന് അക്കാദമിക് അഡ്വൈസർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. ലോജിക്ക് സ്കൂൾ ഓഫ് മാനേജ്മെന്റിന്റെ ഡയറക്ടറുമാണ്.

കോർപ്പറേറ്റ് പരിശീലകനും കോച്ചിംഗ് വിദഗ്ധനുമായ ഷമീം റഫീഖിന് മികച്ച ബിസിനസ് കോച്ച് ആൻഡ് കോർപ്പറേറ്റ് ട്രെയിനർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. 26 വർഷത്തെ പ്രവർത്തന മികവുമായി ഷമീമിലൂടെ ശ്രദ്ധേയരായി തീർന്നത് നിരവധി സ്ഥാപനങ്ങളും വ്യക്തികളുമാണ്.

മാറുന്ന കാലത്തിന് മാറുന്ന ചിന്തകൾ പകർന്ന് വ്യത്യസ്തനായി തീർന്ന ഷാജി നായർക്ക് ടെക്നോപ്രണർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. അടിയന്തര വെല്ലുവിളികളെ നേരിടാൻ പുത്തൻ മാർഗ്ഗങ്ങൾ കണ്ടെത്തി. യോഗ ബൈ കളരിയുടെ സ്ഥാപകനും സിഇഒയുമാണ്.

ഐടി മാനേജ്മെന്റിലൂടെ ബിസിനസിലെ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുന്ന രൺദീപ് നമ്പ്യാർക്ക് ഇന്റർനാഷണൽ സ്ട്രാറ്റജിക്ക് ലീഡർ ഓഫ് ദി ഇയർ പുരസ്കാരം സമ്മാനിക്കും. നിരവധി ഇന്റർനാഷണൽ ഓർഗനൈസേഷനുകളുടെ വിജയത്തിനു പിന്നിയിൽ രൺദീപ് നമ്പ്യാരുമുണ്ട്.

ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവാർഡ് നൈറ്റും കൾച്ചറൽ ഫെസ്റ്റും മെയ് ഏഴിന് നടക്കും. വൈകിട്ട് അഞ്ചിന് ഹൂസ്റ്റൺ ക്നാനായ കമ്മ്യൂണിറ്റി സെന്റർ 2210 സ്റ്റാഫോർഡ്ഷൈർ റോഡ്, മിസൂറി സിറ്റിയിലാണ് ചടങ്ങുകൾ സംഘടിപ്പിച്ചിരിക്കുന്നത്. 'നാട്ടു നാട്ടു' എന്നു പേരിട്ടിരിക്കുന്ന മഹാസംഗമത്തിൽ വിവിധ രംഗങ്ങളിൽ മികവു തെളിയിച്ച മലയാളി പ്രതിഭകൾക്ക് ഗ്ലോബൽ ഇന്ത്യൻ പുരസ്കാരം സമ്മാനിക്കും.

രാഷ്ട്രീയ സാംസ്കാരിക സാമൂഹിക രംഗത്തെ പ്രമുഖർക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളികളും ഈ സംഗമത്തിൽ പങ്കെടുക്കും. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളുടെ ഏറ്റവും വലിയ സംഗമമായി ഗ്ലോബൽ ഇന്ത്യൻ അവാർഡ്നൈറ്റ് മാറ്റാനുള്ള അണിയറ പ്രവർത്തനങ്ങളാണ് ഒരുങ്ങുന്നത്.

18 വ്യത്യസ്ത ഭാഷകളിൽ പാടുന്ന സോളോ പെർഫോമർ ചാൾസ് ആന്റണിയാണ് മുഖ്യ ആകർഷണം. ഇംഗ്ലീഷ്, സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയ ഭാഷാ ഗാനങ്ങളാണ് ചാൾസിന്റെ സോളോ പെർഫോമൻസിൽ നിറയുന്നത്.

വ്യത്യസ്തമായ നൃത്തഇനങ്ങളുമായി സുന്ദരിമാർ വേദി കീഴടക്കും. ഫ്യൂഷൻ സംഗീതത്തോടൊപ്പം പ്രിയപ്പെട്ട ഗാനങ്ങളുമായി ഗായകരും വേദിയിലെത്തും. പിന്നണി ഗായിക കാർത്തിക ഷാജി സംഗീത വിരുന്നൊരുക്കും. പുത്തൻ സൗന്ദര്യ സ്വപ്നങ്ങളുടെ മായിക ലോകം പകർന്ന് ഫാഷൻ ഷോ, നാട്ടുമേളത്തിന്റെ പെരുമയുമായി ചെണ്ടമേളം തുടങ്ങിയ പരിപാടികളാണ് ആസ്വാദകരെ കാത്തിരിക്കുന്നത്. നാടൻ രുചികളുമായി ലൈവ് തട്ടുകടയും ഒരുങ്ങും.